# Desabhimani
# 15 July 2018
# Idukki, Mullaperiyar, Water Level Increasing



## ഇടുക്കി ജലനിരപ്പ് 60 ശതമാനത്തിലേക്ക്

**മുല്ലപ്പെരിയാറിൽ 126.60 അടി**

ഒരാഴ്ചയായി പെയ്യുന്ന കനത്ത മഴയെ തുടർന്ന് സംസ്ഥാനത്തെ ജലസംഭരണികളിൽ ജലനിരപ്പ് ഉയരുന്നു. ഇടുക്കിയിൽ ഒരു ദിവസം കൊണ്ട് മൂന്നടി ജലം ഉയർന്ന് 2365.40 അടിയായി. ആകെ ജലസംഭരണ ശേഷിയായ 2403 അടിയുടെ 59.53 ശതമാനമായി ജലനിരപ്പ് ഉയർന്നു. കഴിഞ്ഞ വർഷം 2316.60 അടിയായിരുന്നു. 48.8 അടിയുടെ വർധനയുണ്ട് ഇപ്പോൾ. ശനിയാഴ്ച 79 മി.മീറ്റർ മഴ രേഖപ്പെടുത്തി. മഴ തുടർന്നാൽ ഇത്തവണ ഡാം നിറഞ്ഞൊഴുകും. മൂലമറ്റത്ത് വൈദ്യുതോൽപാദനം 2.871 ദശലക്ഷം യൂണിറ്റാണ്.

മുല്ലപ്പെരിയാറിൽ ജലനിരപ്പ് കഴിഞ്ഞ ദിവസത്തേക്കാൾ 1.3 അടി വർധിച്ച് 126.60 അടിയായി.